നം.കെ.എസ്.എ.-കെ.ടി.എം.പി.14/304/2019 തീയതി : 26.04.2019

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.07.2017 മുതൽ 28.02.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 15.03.2019-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ ഷൈജു എസ്, ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	05.03.2019 മുതൽ 15.03.2019 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ.സജി പി.ആർ	ഓഡിറ്റ് ഓഫീസർ
	ശ്രീ.ബാബുരാജ് കെ. ബി.	ഓഡിറ്റർ (ഹ.ഗ്രേ)
	ശ്രീ. ഉണ്ണികൃഷ്ണൻ എം	ഓഡിറ്റർ

(ബി) നിർവഹണാധികാരികൾ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
പ്രസിഡൻറ്	ശ്രീമതി സതി വിജയൻ	01.04.2017 മുതൽ 31.03.2018 വരെ
ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി)	ശ്രീമതി ഇന്ദിര ശിവദാസ്	01.04.2017 മുതൽ 31.03.2018 വരെ
ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി)	ശ്രീ വിനോജ് എ. കെ	01.04.2017 മുതൽ 31.03.2018 വരെ
ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി)	ശ്രീമതി ലിൻസി ലാലച്ചൻ	01.04.2017 മുതൽ 31.03.2018 വരെ
ചെയർപേഴ്സൺ (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി)	ശ്രീ ബാബു പി. എസ്	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	ശ്രീ രാരാ രാജ്	01.04.2017 മുതൽ 31.03.2018 വരെ

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്

കൃഷി ഓഫീസർ	ശ്രീമതി ബിജിമോൾ കെ ബേബി	01.04.2017മുതൽ31.03.2018 വരെ
വെറ്ററിനറി സർജൻ	ഡോ. സജിനിമോൾ കെ. ജോസഫ്	01.04.2017 മുതൽ31.03.2018 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. തലനാട്	ഡോ. ഗീതു മരിയ ജോസഫ്	01.04.17 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	ഡോ. സെറിൻ എസ്	01.04.17 മുതൽ 31.03.2018 വരെ
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	ശ്രീ സിജോഷ് ജോർജ് ശ്രീ സജിത് ഡി	01.04.17 മുതൽ 15.08.2017 വരെ 16.08.17 മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	ശ്രീമതി പുഷ്കല പി.എൻ ശ്രീമതി അജിത കെ.എസ്	01.04.17 മുതൽ 05.10.2017 വരെ 06.10.17 മുതൽ 31.03.2018 വരെ
എച്ച്. എം, ഗവ. എൽ.പി.എസ്	ശ്രീ ഐസക് ജോർജ്	01.04.17 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി	ശ്രീമതി ഗിരിജ വി. റ്റി	01.04.17 മുതൽ 31.03.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി ജിസ ജോസഫ്	01.04.17 മുതൽ 31.03.2018 വരെ

(ഡി) ഉള്ളടക്കം

ഖണ്ഡിക നം.	വിഷയം
ഭാഗം 1 -- പൊതു അവലോകനം	
1-1	ബജറ്റ്
1-2	വാർഷിക ധനകാര്യപത്രിക
1-3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം
1-4	സാമ്പത്തിക വിശകലനം
1-5	ഫണ്ട് വിനിയോഗം
1-6	പദ്ധതി അവലോകനം
1-7	തൊഴിലുറപ്പ് പദ്ധതി
1-8	ക്ഷേമ പദ്ധതികൾ
1-9	ക്യാഷ് പരിശോധന
1-10	ആഭ്യന്തരനിയന്ത്രണസംവിധാനം
1-11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം
1-12	വാർഷിക കണക്കുകളുടെ അവലോകനം
ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
2-1	വസ്തുനികുതി-ഡിമാന്റിൽ ഉൾപ്പെടുത്തിയില്ല
2-2	വസ്തു നികുതി – മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകൾക്ക് നികുതിയിളവ് നൽകി
2-3	വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം
2-4	വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

2-5	തൊഴിൽനികുതി ഈടാക്കിയില്ല
2-6	ഡി& ഒ ലൈസൻസ് ഫീസ്,തൊഴിൽനികുതി എന്നിവ ഈടാക്കിയില്ല
ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ	
3-1	മറയാട്ടിക്കൽ-ചൊവ്വൂർഭാഗത്തേയ്ക്കുള്ള 1.5 കി.മീ റോഡ് നിർമ്മാണവും,റീടെയിനിംഗ് വാൾ നിർമ്മാണവും - ഫയൽ ലഭ്യമാക്കിയിട്ടില്ല
3-2	ഇല്ലിക്കുന്ന് ഭാഗം റോഡ് കോൺക്രീറ്റിംഗ്-അപാകതകൾ
3-3	വാർഡ് 13 ജൂബിലി റോഡ് കോൺക്രീറ്റിംഗ്-അപാകതകൾ
3-4	ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവൃത്തികൾ ക്വട്ടേഷൻ വിളിച്ച് നടപ്പാക്കി
3-5	സി.എം.എസ്.എൽ.പി.എസ്.ചൊവ്വൂർ-കക്കൂസ് നിർമ്മാണം-അപാകതകൾ
3-6	അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ രണ്ടാം ഘട്ടം-അപാകതകൾ
3-7	പട്ടികവർഗ്ഗ ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ-അപാകതകൾ
3-8	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി-വാല്യുവേഷൻ ഇല്ലാതെ തുക നൽകി-ചെലവ് തടസ്സപ്പെടുത്തുന്നു
3-9	പ്രൈമറി ഹെൽത്ത് സെന്റർ (തലനാട്)-മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല
3-10	ടാക്സി ചാർജ് ഇനത്തിൽ അധികം തുക നൽകി
3-11	ആശ്രയപദ്ധതി അവലോകനം
3-12	തൊഴിലുറപ്പ് പദ്ധതി
3-13	കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ, ചെയർ വാങ്ങൽ-അധിക തുക നൽകി
ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും	
4-1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം
4-2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ
4-3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ
4-4	വായ്പ/വായ്പ തിരിച്ചടവ്
4-5	സ്ഥിരനിക്ഷേപം
4-6	ഓഡിറ്റ് റിക്കവറി
4-7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

4-8	ചാർജ്/സർചാർജ് നടപടികളുടെ വിവരം
4-9	ഓഡിറ്റ് പ്രത്യവലോകനം
4-10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ
അനുബന്ധം-1	ഓഡിറ്റ് സാക്ഷ്യപത്രം 2017-18
അനുബന്ധം-2	ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ
അനുബന്ധം-3	ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2017-18
അനുബന്ധം-4	റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 24.03.2017 ലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	ബജറ്റിൽ നിന്നുള്ള വ്യതിയാനം	
			കൂടുതൽ	കുറവ്
മുന്നിരിപ്പ്	208109.60	1312977.50	1104867.9	
വരവ്	52956606	42646919		10309687
ആകെ	53164715.6	43959896.50		9204819.1
ചെലവ്	51974000	42718803		9255197
നീക്കിയിരിപ്പ്	1190715.6	1241093.50	50377.9	

ബജറ്റ് പ്രകാരമുള്ള വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വളരെ വലിയ വ്യതിയാനം ഉള്ളതായി മേൽ പട്ടികയിലെ വിശകലനത്തിൽ നിന്നും വ്യക്തമാകുന്നു. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥ തുകകളുമായി വളരെയേറെ അന്തരം വന്നതിൽ നിന്നും മുൻവർഷ കണക്കുകളെ ആധാരമാക്കാതെയും ആവശ്യമായ മുന്നൊരുക്കം നടത്താതെയാണ് ബജറ്റ് തയ്യാക്കുന്നതെന്ന് വ്യക്തമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബജറ്റ് തയ്യാറാക്കുന്നതിൽ മേൽപറഞ്ഞ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. മൂന്നിലവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 20.05.18ലെ C1-32/18നം. കത്ത് പ്രകാരം 26.06.2018 ൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 27.06.2018, 28.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 20.07.18 ലെ കെ.എസ്.എ.-കെ.ടി.എം.പി14/1362/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവു ചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	1312977.50
വരവ്	42646919
ആകെ	43959896.50
ചെലവ്	42718803
നീക്കിയിരിപ്പ്	1241093.50

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	5094000	5094000	5044144	49856	99.02
വികസനഫണ്ട് എസ്.സി.പി.	0	889456	889456	889456	0	100
വികസനഫണ്ട് ടി.എസ്.പി.	0	3432605	3432605	3228673	203932	94.05
സംരക്ഷണഗ്രാന്റ് -റോഡ്	0	3543000	3543000	3009599	533401	84.94
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	2426000	2426000	2407870	18130	99.25
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	0	6365028	6365028	2495897	3869131	39.21
പെർഫോമൻസ് ഗ്രാന്റ്(KLGSDP)	0	17069877	17069877	16042028	1027849	93.97
ജനറൽ പർപ്പസ് ഫണ്ട്	0	-	-	-	-	-
MGNREGS	1091	8853926	8855017	8854613	404	99.99
ബി-ഫണ്ട്	0	-	-	-	-	-

തനത് ഫണ്ട്	-	-	-	-	-	-
ക്യാഷ്(തനത് ഫണ്ട്)	0	-	-	-	-	-
ശുചിത്വ മിഷൻ ഗ്രാന്റ്	0					

1-6 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണം

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 01.02.2017ലും പദ്ധതി ആസൂത്രണ ഗ്രാമസഭകൾ 03.06.2017 മുതൽ 10.07.2017 വരെയുള്ള വിവിധ തീയതികളിലും വികസനസെമിനാർ 27.07.2017ലും കൂടിയിട്ടുണ്ട്.

2017-18 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിന് എല്ലാ വർക്കിങ്ങ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി യോഗങ്ങളുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ പല വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി തയ്യാറാക്കുന്നതിൽ നിയമപരമായ ചുമതല പൂർണ്ണമായും പാലിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഹാജർ വളരെ കുറവായാണ് കാണപ്പെട്ടത്.

വാർഷിക പദ്ധതിയ്ക്ക് 03.05.2017 ലെ 8(2) നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ലാ പ്ലാനിംഗ് സമിതിയുടെ ഉത്തരവ് നം. 490/17/DPC/DPO/KTM തീയതി 01.02.2018 പ്രകാരം അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത് (എണ്ണം)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
113	101	0	12	

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയവ	പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക	പ്രോജക്ടുകൾക്കായുള്ള ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	7	7	733531	590960	80.56
വെറ്ററിനറി സർജൻ	7	7	1288500	630500	48.93
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	6	6	761533	570783	74.95
മെഡി. ഓഫീസർ, ആയുർവ്വേദം	1	1	200000	200000	100
വി.ഇ.ഒ.	12	8	5497513	4082603	74.26
ICDSസൂപ്പർവൈസർ	4	4	1407830	1143357	81.26
സെക്രട്ടറി	29	25	20659225	19060933	92.26
അസിസ്റ്റന്റ് എൻജിനീയർ	44	40	7565942	6705208	88.62
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	200000	200000	100
ഹെഡ് മാസ്റ്റർ,	2	2	150000	128856	85.90

ഗവ.എൽ.പി.സ്കൂൾ					
ആകെ	113	101	38464074	33313200	86.60

പൂർത്തീകരിച്ച പ്രോജക്ടുകൾ മോണിറ്റർ ചെയ്യുന്നില്ല

ജി.ഒ.(എം.എസ്.)72/17 തസ്വഭവ തീയതി 29.03.17 ഖ.14.6 പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവൃത്തിക്കേണ്ടതാണെന്നും മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതുമാണ്.

പ്രോജക്ട് നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണ പത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. എന്നാൽ ഇപ്രകാരമുള്ള പൂർത്തീകരണ പത്രമോ മോണിറ്ററിംഗ് റിപ്പോർട്ടോ, പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി മേൽ വിഷയം പരിഗണിക്കേണ്ടതാണ്.

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	8321513	8321513	8321513	0
കാഷ്	1091	532423	533514	533110	404
ആകെ	1091	8853936	8855027	8854623	404

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക(രൂപ)
തൊഴിൽരഹിത വേതനം	56	31440
കർഷകതൊഴിലാളി പെൻഷൻ	110	1368300
വിധവാ പെൻഷൻ	163	1976000
വാർദ്ധക്യകാലപെൻഷൻ	403	5592200
വികലാംഗപെൻഷൻ	92	1115000
50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ	16	198300

1-9 ക്യാഷ് പരിശോധന

തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.03.2019 തീയതിയിൽ 3:15 പി.എം.-ന് പഞ്ചായത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 672-/രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യതയും ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് മാന്വൽ ഭാഗം I അനുബന്ധം (ബി) യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മൂന്നിലവ് ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 'സാംഖ്യ' സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റത്തിലൂടെ സ്ഥാപനത്തിന്റെ സാമ്പത്തിക വിനിമയങ്ങളുടെ രേഖപ്പെടുത്തൽ നടത്തുകയും സിസ്റ്റം ജനറേറ്റ് ചെയ്യുന്ന വിവിധ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ, വാർഷിക നീക്കിയിരുപ്പുകളുടെ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നുണ്ട്. വാർഷിക ബജറ്റ് തയ്യാറാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നില്ല. സാംഖ്യാ സ്റ്റേഷനറിക്കും മാന്വൽ രസീത് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ/സബ് വൗച്ചറുകൾ തയ്യാറാക്കിയാണ് ചെലവുകൾ നടത്തുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കി അവതരിപ്പിക്കുന്ന വാർഷിക കണക്കുകൾ ജനറൽ കമ്മിറ്റി പാസ്സാക്കുന്നുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	18.01.2019	12/2018	ലഭിച്ചിട്ടില്ല.
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	19.05.2018 മുതൽ 30.05.2018 വരെ	2013-14 മുതൽ 2017-18വരെ	LBA/HQ/II/1/8A 49/18-19/64/ dtd.04.07.2018

1-12 വാർഷിക കണക്കുകളുടെ അവലോകനം

തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ 27.06.2018, 28.06.2018 എന്നീ തീയതികളിൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ 20.07.2018-ാം തീയതി നം.കെഎസ്എ.കെടിഎം.പി14/1362/2018 ആയി വാർഷിക ധനകാര്യപത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രവും റിപ്പോർട്ടും എന്ന രൂപത്തിൽ പഞ്ചായത്തിന് നൽകിയിരുന്നു. ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരുന്ന അപാകങ്ങളിൽ ഓഡിറ്റ് കാലയളവിൽ പരിശോധിച്ച് ബോധ്യപ്പെട്ടതും നാളിതുവരെ പരിഹരിക്കാതെ അവശേഷിക്കുന്നതുമായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ജി.ഒ(എം.എസ്) 152/2011/ത.സ്വ.ഭ.വ/26.7.2011 ഉത്തരവ് പ്രകാരം ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) രജിസ്റ്റർ പര്യാപ്തമല്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂർ എന്ന ശീർഷകത്തിൽ (ബി-18) 85805/- രൂപ കാണിച്ചിട്ടുള്ളതിന്റെ കൃത്യത പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

3) വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളുടെ വിനിമയം രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4) മറ്റ് വരവിനങ്ങളുടെ (ആർ.പി-4) രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5) തലനാട് സർവ്വീസ് സഹകരണ ബാങ്കിലുള്ള ഓൺ ഫണ്ട് അക്കൗണ്ടിന്റെ 2018 മാർച്ച് മാസത്തെ പൊരുത്തൽപ്പെടുത്തൽ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള കാലഹരണപ്പെട്ട ചെക്കുകൾ പണമാക്കാത്ത ചെക്കുകൾ എന്ന രീതിയിലാണ് പൊരുത്തൽപ്പെടുത്തൽ നടത്തിയിട്ടുള്ളത്. ആയത് Liability in respect of stale cheque എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു.

6) സംയുക്ത പ്രോജക്റ്റുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം ജോയിന്റ് വെഞ്ച്വർ പ്രോജക്റ്റിനു വേണ്ടി ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് പകരം തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

7) ഐ-14അങ്കണവാടി പോഷകാഹാര പദ്ധതി ചെലവ് ഉല്പാദന മേഖലയിലാണ് തെറ്റായി ചേർത്തിട്ടുള്ളത്.

8)വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 വസ്തു നികുതി - ഡിമാന്റിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഡ് - VIII ൽ, വെള്ളാനി മേഖലയിൽ സുധീഷ്, എരുർവയലിൽ എന്നയാളുടെ ഉടമസ്ഥതയിൽ പൗൾട്രി ഫാം പ്രവർത്തിക്കുന്നതായി ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ടി പൗൾട്രി ഫാം പ്രവർത്തിക്കുന്ന കെട്ടിടത്തെ പഞ്ചായത്തിന്റെ വസ്തു നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/13.03.2019), നാളിതുവരെയുള്ള അർഹമായ നികുതി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. കൃത്യമായ നികുതി നിർണ്ണയം നടത്താതെ സ്ഥാപനം പ്രവർത്തിക്കാൻ അനുവദിച്ചത് കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടങ്ങളുടെ ലംഘനമാണ്. തുടർ വർഷങ്ങളിൽ സ്ഥാപനത്തെ ഡി & ഒ ലൈസൻസ് ഡിമാന്റിലും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-2 വസ്തു നികുതി - മൊബൈൽ കമ്യൂണിക്കേഷൻ ടവറുകൾക്ക് നികുതിയിളവ് നൽകി

ക്രമ നം.	നം./ വാർഡ് നം.	മൊബൈൽ കമ്യൂണിക്കേഷൻ ടവർ	വിസ്തീർണ്ണം (ച.മീ)	ഇളവ് നൽകിയ ഇനം	ഇളവ് തുക
1.	XIII/193	ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്	12	മേൽക്കൂര	600/-
2.	XIII/194	ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്	10	മേൽക്കൂര	500/-
3.	XIII/195	ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്	10	മേൽക്കൂര	500/-
4.	XI/68	വയർലസ് റ്റി.റ്റി സർവീസ് ലിമിറ്റഡ്	10	മേൽക്കൂര മേഖല വഴി സൗകര്യം	2500/-
5.	XI/70	വയർലസ് റ്റി.റ്റി സർവീസ് ലിമിറ്റഡ്	30	മേഖല	3000/-
6.	V/20	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	10	മേഖല	1000/-
				ആകെ	8100/-

മേൽ പരാമർശിച്ച കമ്യൂണിക്കേഷൻ ടവറുകൾക്ക്, വിവിധ ഇനങ്ങളിലായി ഇളവ് അനുവദിച്ച് നൽകിയതായി

ബന്ധപ്പെട്ട ഫാറം VI പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകൾക്ക് മേൽക്കൂരയടക്കമുള്ള വിവിധയിനങ്ങളിൽ ഇളവുകൾ നൽകിയതിലെ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08 /13.03.2019) മറുപടി ലഭിച്ചിട്ടില്ല. കൃത്യമായ നികുതി നിർണ്ണയം നടത്തി, അധികമായി നൽകിയ ഇളവ് തുകകൾ കുടിശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

2-3 വസ്തു നികുതി - കുടിശ്ശിക തുക ഈടാക്കാൻ നടപടി സ്വീകരിക്കണം

ഓഫീസ് ഉത്തരവ് നം. 22/2017 പ്രകാരം, 2017-18 വർഷത്തിൽ കുടിശ്ശികയിനത്തിലുള്ള വസ്തു നികുതി തുക ഈടാക്കുന്നതിന്, ഡിമാന്റ് നോട്ടീസ്, റവന്യൂ റിക്കവറി നോട്ടീസ്, തുടങ്ങിയവ പഞ്ചായത്തിലെ ആശാ വർക്കർമാർ, സാക്ഷരത പ്രേരക്മാർ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, മറ്റ് മാർഗങ്ങൾ മുഖേന നൽകുക, താരതമ്യേന കൂടിയ നികുതി തുകകൾ അടവാക്കേണ്ടവരുടെ പട്ടിക തയ്യാറാക്കുക, നികുതിദായകർ നികുതി അടവാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രാദേശിക ചാനലുകൾ, മൈക് അനൗൺസ്മെന്റ്, സാമൂഹ്യ മാധ്യമങ്ങൾ തുടങ്ങിയ സാധ്യതകൾ ഉപയോഗപ്പെടുത്തുക, ആരാധനാലയങ്ങൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് പ്രചാരം നൽകുക, ക്യാമ്പ് കളക്ഷൻ പ്രോത്സാഹിപ്പിക്കുക തുടങ്ങി ബഹുവിധ മാർഗങ്ങളിലൂടെ തനത് വരുമാന സാധ്യതകളെ വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമകരവും അനുകരണീയവുമായ ഒരിടപെടലാണ് പ്രസ്തുത ഉത്തരവിലൂടെ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടായത്. പഞ്ചായത്തിലെ '13' വാർഡുകളിലായി കുടിശ്ശിക തുകയും തന്നാണ്ട് നികുതിയുമുൾപ്പെടെ ആകെ 13,67,982/- രൂപയുടെ നികുതി തുക ഈടാക്കുന്നതിന്, പഞ്ചായത്തിലെ '07' ഉദ്യോഗസ്ഥർക്ക് വാർഡ് തിരിച്ച് ജോലി വിഭജന ഉത്തരവ് നൽകിയിരുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് (ഷെഡ്യൂൾ B-15) പ്രകാരം 2,14,664/- രൂപയുടെ നികുതി തുക ഈടാക്കുവാൻ ബാലൻസ് നിൽക്കുന്നു. അതുകൊണ്ടുതന്നെ നിർവ്വഹണ തലത്തിൽ, പ്രസ്തുത ഉത്തരവിലൂടെ പഞ്ചായത്ത് പ്രതീക്ഷിച്ച ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഓഫീസ് ഉത്തരവുകളുടെ പൂർണ്ണ ഫലപ്രാപ്തിക്കായി പ്രയോഗികതലത്തിലും നിർവ്വഹണ തലത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

2-4 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

ഗ്രാമ പഞ്ചായത്തിന്റെ വടക്കുംഭാഗം മേഖലയിൽ വാർഡ് XIII/ 165 നമ്പറിൽ, സെക്രട്ടറി, എസ്.എൻ.ഡി.പി ബ്രാഞ്ച് നം. 853, തലനാട് - 686580 ഉടമസ്ഥതയിലുള്ള 100 ച. മീ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നാളിതുവരെ വസ്തു നികുതി ഈടാക്കിയിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സഞ്ചയ വെബ് പോർട്ടലിൽ ലഭ്യമായിട്ടുള്ള ഫാറം - VI പരിശോധിച്ചതിൽ നിന്നും, പ്രസ്തുത കെട്ടിടത്തിന് 'പാർപ്പിടാവശ്യം - ഹോസ്റ്റലുകൾ (ലോഡ്ജുകൾ ഒഴികെ)' എന്ന ഉപയോഗക്രമം നൽകിയാണ് നികുതി നിർണ്ണയം നടത്തിയിരിക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. 100 ച. മീ തറ വിസ്തീർണ്ണമുള്ളൊരു കെട്ടിടത്തിന് നാളിതുവരെ വസ്തുനികുതിയിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ലായെന്ന മാത്രമല്ല, അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള ഇളവ്, വർദ്ധനവുകൾ, 20% പ്രകാരം നൽകിയിട്ടുണ്ടെങ്കിലും, ഏതിനത്തിലുള്ള ഇളവ് - വർദ്ധനവുകളാണെന്നുള്ളത് സംബന്ധിച്ച് ഫാറം - VI ൽ കൃത്യതയില്ല. അതുകൊണ്ടുതന്നെ നിലവിലെ ഫാറം - VI ലെ വിവരങ്ങൾ ആധാരമാക്കി കൃത്യമായി നികുതി നിർണ്ണയിക്കുവാൻ സാധിക്കുകയില്ലെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.07/13.03.2019), നാളിതുവരെയുള്ള അർഹമായ നികുതി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗ്രാമ പഞ്ചായത് പരിധിയിലുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയം നടത്താതിരുന്നത് കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടങ്ങളുടെ ലംഘനമാണ്. കെട്ടിടത്തിന്റെ കൃത്യമായ നികുതി നിർണ്ണയം നടത്തി, കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. തുക ഈടാക്കി രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-5 തൊഴിൽ നികുതി ഈടാക്കിയില്ല

I) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1.	തലനാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക്, അടുക്കം ബ്രാഞ്ച്	I, II
2.	എസ്.എൻ. പബ്ലിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തലനാട്	I
3.	മാവേലി സ്റ്റോർ, തലനാട്	I, II

II) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1.	തലനാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക്, തലനാട്, അടുക്കം ബ്രാഞ്ചുകൾ	I, II
2.	മാവേലി സ്റ്റോർ, തലനാട്	I, II
3.	എബനേസർ ഹോം സ്റ്റേ അഭിഷേക് സെബി അജിത് വയലിൽ, തലനാട്, നം. XII/45	I
4.	റേഷൻ കടകൾ	I, II

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതായി പരിശോധനയിൽ വ്യക്തമായിട്ടില്ല. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06/13.03.2019), തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. തുക സ്വീകരിച്ച് രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-6 ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

ക്രമ നം.	വാർഡ്/ നം.	സ്ഥാപന ഉടമയുടെ പേരും വിലാസവും	വ്യാപാരത്തിന്റെ സ്വഭാവം
1.	XIII/212	സിജോ കുര്യൻ നെല്ലുവേലിൽ തലനാട്	സിമന്റ് കമ്പി സാനിറ്ററി ഹാർഡ്‌വേർ വ്യാപാരം
2.	XIII/170	ജ്യോതിസ്.ടി ഗുരുദേവൻ തലനാട്	ജൗളി വ്യാപാരം
3.	XII	സിജോ കുര്യൻ നെല്ലുവേലിൽ തലനാട്	കരിങ്കല്ല് പൊട്ടിച്ച് വിൽപ്പന
4.	IX/100	കെ.എം. ഹുസൈൻ മുഹമ്മദ് കപ്പോഡത്ത് തലനാട്	മലഞ്ചരക്ക് വ്യാപാരം
5.	II/57	അബ്ദുൾ റസാഖ് മാട്ടയിൽ തലനാട്	പലചരക്ക് വ്യാപാരം
6.	III/158	സതി സുരേന്ദ്രൻ ഒരവത്തൊട്ടിയിൽ	പലചരക്ക് വ്യാപാരം

		തലനാട്	
7.	III/143	സാബു. പി. കെ പുത്തൻപുരയ്ക്കൽ തലനാട്	പലചരക്ക് വ്യാപാരം
8.	II/170	ബിന്ദു ജയലാൽ പുരയിടത്തിൽ തലനാട്	പലചരക്ക് വ്യാപാരം
9.	XIII/156	ശോഭന സോമൻ സെക്രട്ടറി അക്ഷര കുടുംബശ്രീ തലനാട്	പലചരക്ക് വ്യാപാരം
10.	വിവിധ വാർഡുകൾ	റേഷൻ കടകൾ	റേഷൻ കടകൾ
11.	വിവിധ വാർഡുകൾ	കള്ള് ഷാപ്പുകൾ	കള്ള് ഷാപ്പുകൾ

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ ഡി & ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ തുക ഈടാക്കിയിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായില്ല. കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഏതൊരു സ്ഥാപനവും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിന് സമർപ്പിക്കേണ്ടതും, ലൈസൻസ് പുതുക്കി തുക അടവാക്കേണ്ടതുമാണ്. എന്നാൽ മേൽ പരാമർശിച്ച സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച്, സമയബന്ധിതമായി തുക ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.05/ 13.03.2019), തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ലൈസൻസ് തുക, തൊഴിൽ നികുതി എന്നിവ അതാത് വർഷങ്ങളിൽ ഈടാക്കാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്. തുടർ വർഷങ്ങളിൽ അപാകത ഒഴിവാക്കി പരാമർശിത സ്ഥാപനങ്ങളുടെ ലൈസൻസ് തുക, തൊഴിൽ നികുതി എന്നിവ യഥാസമയം ഒടുക്ക് വരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേതടക്കമുള്ള മേൽനോട്ടം ഉണ്ടാകേണ്ടതാണ്. നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 മറയാട്ടിക്കൽ, ചൊവ്വൂർ ഭാഗത്തേയ്ക്കുള്ള 1.5 കി.മീ. റോഡ് നിർമ്മാണവും റീടെയിനിംഗ് വാൾ നിർമ്മാണവും- ഫയൽ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 92/18

പ്രോജക്റ്റ് വാർഡ് 1, 2, 3ലൂടെ മറയാട്ടിക്കൽ-ചൊവ്വൂർ ഭാഗത്തേയ്ക്കുള്ള 1.5 കി.മീ.ദൂരമുള്ള റോഡും റീടെയിനിംഗ് വാൾ നിർമ്മാണവും

അടങ്കൽ 1,60,00,000/-

ചെലവ് 1,59,98,054/-

സ്രോതസ്സ് വികസനഫണ്ട് (ലോകബാങ്ക് സഹായം)

നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി

തദ്ദേശമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ടിനുവേണ്ടി 2017-18 വർഷം സെക്രട്ടറിയുടെ ട്രഷറി ബിൽബുക്ക് വഴി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

ബിൽ നം/ തീയതി	തുക	ഫണ്ടിനം
14/17-18/11.08.2017	30,00,000	ലോബാങ്ക് ധനസഹായം
18/17-18/22.08.2017	30,00,000	,,
37/17-18/25.10.2017	27,08,392	,,
38/17-18/25.10.2017	26,91,608	,,
68/17-18/20.03.2018	45,98,054	,,
ആകെ	1,59,98,054	

എന്നാൽ പ്രോജക്ട് ഫയൽ, തുക ചെലവഴിച്ചതിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2 തീയതി 11.03.19) ടി പ്രവൃത്തി സംബന്ധിച്ച് വിജിലൻസ് കേസ് നിലനിൽക്കുന്നുണ്ടെന്നും ഫയൽ വിജിലൻസിലാണെന്നും മറുപടി ലഭ്യമാക്കി. വിജിലൻസ് കേസ് തീർപ്പാകുന്ന മുറയ്ക്ക് ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1,59,98,054/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-2 ഇല്ലിക്കുന്ന് ഭാഗം റോഡ് കോൺക്രീറ്റിംഗ്- അപാകതകൾ

പ്രോജക്ട് നം. 26/18

അടങ്കൽ - 272538/- രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ് - 246550/- രൂപ (ബിൽ നം. 22/17-18/ 21.02.2018)

നിർവ്വഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷിക പദ്ധതിയിൽ കരാറുകാർ വഴി നടപ്പാക്കിയ മേൽ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടു.

1) കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല

പ്രവൃത്തി നിർവ്വഹണത്തിനായി നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി.നം.13/2012/PWD തീയതി 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്. കരാറുകാരൻ ശ്രീ ലോറൻസ് ജോസഫിന് 18.09.2017 ൽ സെലക്ഷൻ നോട്ടീസ് നൽകിയതാണ്. എന്നാൽ ടിയാൻ അസിസ്റ്റന്റ് എൻജിനീയറുമായി കരാറിലേർപ്പെട്ടത് 03.10.2017 ലാണ് (കരാർ നം.5/AE/LSGD/TNLD/17-18/ 03.10.2017). നിയമാനുസരണം കരാർ ചമയ്ക്കാനുള്ള സമയപരിധി 1.10.2017 ആയിരുന്നു.
നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരൻ ശ്രീ. ലോറൻസ് ജോസഫിൽ നിന്നും PAC 248324/- യുടെ ഒരു ശതമാനമായ 2483/- രൂപ പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല.

2) ടേപ് മെഷർമെന്റിനുള്ള കിഴിവ് ചെയ്തിട്ടില്ല

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് ബി യിലെ എക്സ്ട്രാ ഇനം 1 ആയി 34 m3 ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ആയതിന് 981.68/m3 നിരക്കിൽ 33406.57 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും 10% ടേപ് മെഷർമെന്റിനുള്ള കിഴിവ് ചെയ്തിട്ടില്ല. ഈ

ഇനത്തിൽ 3338/- (3.4x981.68) രൂപയുടെ അധികച്ചെവുണ്ടായി

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 13.3.19), തുക ഈടാക്കുന്നതിന് കരാറുകാരന് കത്ത് നൽകുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. 2483/- രൂപ പിഴയും അധികം നൽകിയ 3338/- രൂപയും കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 വാർഡ് 13 ജൂബിലി റോഡ് കോൺക്രീറ്റിംഗ്- അപാകതകൾ

പ്രോജക്ട് നം. 56/18

അടങ്കൽ - 444919 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ് - 444919 രൂപ (ബിൽ നം. 16/17-18/ 20.12.2017)

നിർവ്വഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ കരാറുകാർ വഴി നടപ്പാക്കിയ മേൽ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകത കാണുന്നു.

1) ടേപ് മെഷർമെന്റിനുള്ള കിഴിവ് ചെയ്തിട്ടില്ല.

മേൽ പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റിലെ എക്സ്ട്രാ ഇനം 1 ആയി 38.26 m3 ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. ആയതിന് 986.12/m3 നിരക്കിൽ 37728.95 രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഫില്ലിംഗ് നടത്തിയ അളവിൽ നിന്നും 10% ടേപ് മെഷർമെന്റിനുള്ള കിഴിവ് ചെയ്തിട്ടില്ല. ഈ ഇനത്തിൽ 3767 (3.82x986.12) രൂപയുടെ അധികച്ചെവുണ്ടായി

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി 13.3.19) അധികം നൽകിയ തുക ഈടാക്കുന്നതിന് കരാറുകാരന് കത്ത് നൽകുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. അധികം നൽകിയ 3767/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-4 ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവൃത്തികൾ ക്വട്ടേഷൻ വിളിച്ച് നടപ്പാക്കി

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്നതിന് ഏറ്റെടുത്ത താഴെ ചേർക്കുന്ന പ്രവൃത്തികൾ ക്വട്ടേഷൻ വിളിച്ച് നടപ്പാക്കിയതായി കാണുന്നു.

1) പ്രോജക്ട് നം. 107/18 (തലനാട് ഹോമിയോ ഡിസ്പെൻസറിയുടെ ചുറ്റുമതിൽ നിർമ്മാണം)

ചെലവ് - 47171 രൂപ (2017-18 ൽ 21190/- രൂപ, ബിൽ നം. 40/17-18/ 26.03.2018)

ടി പ്രവൃത്തി ക്വട്ടേഷൻ വിളിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.സുകുമാരൻ ചാമക്കാട്ടിൽ, തീക്കോയി എന്ന വ്യക്തിയെക്കൊണ്ടാണ് നിർവ്വഹിച്ചത്.

2) പ്രോജക്ട് നം. 76/18 (വാർഡ് 8 മിച്ചഭൂമി ചരളിയിൽ ഭാഗം നടപ്പാലം)

ചെലവ്- 43346 രൂപ (ബിൽ നം. 9/17-18/ 20.12.2017)

ടി പ്രവൃത്തി ക്വട്ടേഷൻ വിളിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മരിയ എൻജിനീയറിംഗ് വർക്ക്, തീക്കോയി എന്ന സ്ഥാപനം വഴിയാണ് നിർവ്വഹിച്ചത്.

ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവൃത്തികൾ ക്വട്ടേഷൻ വിളിച്ച് നടപ്പാക്കുന്ന പ്രവണത ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3-5 സി.എം.എസ്. എൽ. പി. എസ്. ചൊവ്വൂർ– കക്കൂസ് നിർമ്മാണം- അപാകതകൾ

പ്രോജക്റ്റ് നം. 104/18

അടങ്കൽ - 50000/- രൂപ

ചെലവ് - 46034/- രൂപ (ബിൽ നം. 4/17-18/ 30.10.2017)

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എൻജിനീയർ

കൺവീനർ - ജോസഫ് ജോൺ, പൂങ്കുഴിയിൽ

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയതാണ് മേൽ പ്രവൃത്തി. പ്രവൃത്തി നിർവ്വഹണത്തിനായി താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

ഇനം	തുക
ആകെ വേലമൂല്യം	46034
(-) വാറ്റ് (5%)	2302
(-) ആദായനികുതി (2%)	921
(-) നി.തൊ. ക്ഷേമനിധി (1%)	460
കൺവീനർക്ക് നൽകിയ തുക	42351

ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1) ഗുണഭോക്തൃസമിതിയുടെ വരവുചെലവ് കണക്കുകൾ പാസ്സാക്കിയിട്ടില്ല.

2) പ്രവൃത്തിയുടെ നിർവ്വഹണത്തിനായി സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ, മസ്റ്റർ റോൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

രേഖകൾ തയ്യാറാക്കാതെ കൺവീനർക്ക് തുക നൽകിയത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി 11.03.19) അപാകതകൾ പരിഹരിക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-6 അങ്കണവാടികൾക്ക് ഫർണിച്ചർ വാങ്ങൽ രണ്ടാം ഘട്ടം- അപാകതകൾ

പ്രോജക്റ്റ് നം. 118/18

അടങ്കൽ -275000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 270200/- രൂപ (ബിൽ നം. 62/17-18/ 9.3.2018)

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

തലനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മേൽ പ്രോജക്റ്റ് പ്രകാരം, ടോപ് ടെൻ ജി ഷോപ്പി, മഞ്ഞളൂർ, പത്തനാപുരം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. INV1- 000097/2.3.2018 പ്രകാരം താഴെ ചേർക്കുന്ന ഫർണീച്ചറുകൾ സപ്ലൈ ചെയ്തിട്ടുണ്ട്.

ഇനം	എണ്ണം	നിരക്ക്	ആകെ വില
സ്റ്റീൽ അലമാര	10	9720	97200
കുട്ടികളുടെ മേശ	54	2750	148500
ഓഫീസ് ടേബിൾ	7	3500	24500
ആകെ			270200

ടോപ് ടെൻ ജി ഷോപ്പി സമർപ്പിച്ച ടെണ്ടർ പ്രകാരം സ്റ്റീൽ അലമാരയുടെ സ്പെസിഫിക്കേഷൻ താഴെ പറയും പ്രകാരമാണ്.

സ്പെസിപിക്കേഷൻ	വില
6.5'x3.5'x1.5', with locker, GI sheet powder coated, guage-22, 5 year warranty	6900
6.5'x3.5'x1.5', with locker, GI sheet powder coated, guage-20, 5 year warranty	8100
6.5'x3.5'x1.5', with locker, GI sheet powder coated, guage-18, 5 year warranty	10500

ഫർണീച്ചറുകൾ സപ്ലൈ ചെയ്ത ഇൻവോയ്സിൽ (നം.INV1-000097/2.3.2018) ഫർണീച്ചറുകളുടെ സ്പെസിപിക്കേഷൻ ചേർത്തിരുന്നില്ല. ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡിലെ 23-ാം നമ്പർ ഇല്ലിക്കുന്ന് അങ്കണവാടിയിൽ ഓഡിറ്റ് ടീം പ്രാദേശിക പരിശോധന നടത്തിയപ്പോൾ പഞ്ചായത്തിൽ നിന്നും നൽകിയ അലമാരയുടെ സ്പെസിഫിക്കേഷൻ 6.5'x2.75'x1.25' ആണ് എന്ന് അളന്ന് ബോദ്ധ്യപ്പെട്ടു. കനം കുറഞ്ഞ തകിടുകൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. ഇപ്രകാരം ഗുണമേന്മ കുറഞ്ഞ അലമാര സപ്ലൈ ചെയ്തിട്ട് 9720 രൂപ നിരക്കിൽ വില ഈടാക്കിയത് ശരിയായ നടപടിയല്ല. സപ്ലൈ ചെയ്ത ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷൻ ഇൻവോയ്സിൽ രേഖപ്പെടുത്താതിരുന്നിട്ടും അവയുടെ അളവും ഗുണനിലവാരവും ഉറപ്പാക്കാതെ സപ്ലൈയർക്ക് തുക നൽകിയത് പർച്ചേസിംഗ് ഓഫീസറായ സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സപ്ലൈയറുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. ഗുണനിലവാരം കുറഞ്ഞ ഫർണിച്ചറുകൾ മാറ്റി ഗുണനിലവാരമുള്ള പുതിയ ഫർണിച്ചറുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്തിനുണ്ടായ നഷ്ടം കണക്കാക്കി സപ്ലൈയറിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-7 പട്ടികവർഗ്ഗ ബിരുദ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങൽ- അപാകതകൾ

പ്രോജക്ട് നം. 100/18
അടങ്കൽ 1,75,000/-
ചെലവ് 1,65,893/-
സ്രോതസ്സ് വികസനഫണ്ട്
നിർവ്വഹണോദ്യോഗസ്ഥൻ വി.ഇ.ഒ.

പട്ടികവർഗ്ഗ ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങൽ (പ്രോജക്ട് നം.100/18) എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

Intel quad core processor, 4GB RAM, 500GB HD, 15.6 inch LEDMonitor, Windows 10, 3 Year Warranty സ്പെസിഫിക്കേഷനുള്ള 7 ലാപ്ടോപ് വാങ്ങുന്നതിന് ടെണ്ടർ വിളിക്കുകയും ഓർക്കിഡ് കമ്പ്യൂട്ടേഴ്സ്, മുണ്ടക്കയം, കമ്പ്യൂട്ടർ വേൾഡ്, പത്തനംതിട്ട, ഐ ടെക് സിസ്റ്റംസ്, പൂഞ്ഞാർ സൗത്ത്, കടവിൽ ഇൻഫോ ടെക്, കോട്ടയം എന്നീ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു. കമ്പ്യൂട്ടർ വേൾഡ്, പത്തനംതിട്ട എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയും ₹23699/-യുടെ ASUS ലാപ്ടോപ് വാങ്ങുകയും ചെയ്തിട്ടുണ്ട്. ഓർക്കിഡ് കമ്പ്യൂട്ടേഴ്സ്, മുണ്ടക്കയം Acer Quad Core Lap ന് ₹ 22150/-യും ഐ ടെക് സിസ്റ്റംസ്, പൂഞ്ഞാർ

സൗത്ത് ASUS ലാപ്ടോപ് (Windows 10 nonlicensed) ന് ₹ 22900/-യും കടവിൽ ഇൻഫോ ടെക്, കോട്ടയം ASUS ലാപ്ടോപ് (Windows 10 nonlicensed) ന് ₹22470/-യും ക്വോട്ട് ചെയ്തിരുന്നു. മറ്റ് സ്ഥാപനങ്ങളുടേത് non licensed windows ആയതുകൊണ്ടാണ് അംഗീകരിക്കാതിരുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ വാക്കാൽ നൽകിയ മറുപടി. എന്നാൽ, കമ്പ്യൂട്ടർ വേൾഡ്, പത്തനംതിട്ടയുടെ ടെണ്ടറിലും licensed windows എന്ന് ക്വോട്ട് ചെയ്തിട്ടില്ല. മാത്രമല്ല, സ്ഥാപനവുമായി ബന്ധപ്പെട്ടപ്പോൾ windows ഒറിജിനലല്ല; പക്ഷേ ആക്ടിവേറ്റഡ് ആണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ് എന്നും പദ്ധതി നിർവ്വഹണം നടത്തുക മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെയ്തിട്ടുള്ളതെന്നും പ്രീ ഇൻസ്റ്റാൾഡ് വിൻഡോസ് ഉള്ള ലാപ്ടോപ്പ് എന്ന രീതിയിലാണ് സ്ഥാപനം ലാപ്ടോപ്പ് വിതരണം ചെയ്തത് എന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14 തീ.15.3.19) വി.ഇ.ഒ മറുപടി നൽകിയിട്ടുണ്ട്.

ജനങ്ങൾക്ക് നൽകുന്ന സേവന ഗുണമേന്മ അവരിൽ നിന്നുള്ള പ്രതികരണം അനുസരിച്ച് നിർണ്ണയിച്ച് വാങ്ങലുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ വിഭാവനം ചെയ്യുന്ന ഒരു പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സ്പെസിഫിക്കേഷൻ പ്രകാരം 3 വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ രണ്ട് ഗുണഭോക്താക്കളുമായി സംസാരിച്ചതിൽ അവർക്ക് വാറണ്ടി സംബന്ധിച്ച അറിവില്ല എന്നും ലാപ്ടോപ് തകരാറിലായതിനെ തുടർന്ന് റിപ്പയറിംഗിനായി 2000/-രൂപയിലധികം വീതം ചെലവഴിച്ചെന്നും അറിയാൻ കഴിഞ്ഞു. ഒരു വർഷ വാറണ്ടിയുള്ള മറ്റ് സ്പെസിഫിക്കേഷനുകൾ തുല്യമായുള്ള ലാപ്ടോപിന് മറ്റ് സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തിട്ടുള്ളത് അംഗീകരിക്കപ്പെട്ട നിരക്കിലും താഴെയുള്ള തുകകൾ മാത്രമാണ്. വില്പനാനന്തര സേവനത്തിനായി നൽകിയ തുക ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കുന്നതിന് സാധിച്ചിട്ടില്ല. അതായത്, 3 വർഷത്തെ വാറണ്ടിക്കായി തുക അധികം നൽകിയിട്ടുള്ളത് പൊതുപ്പണം പാഴാക്കുന്നതിന് തുല്യമായ പ്രവൃത്തിയാണ്. നിർവ്വഹണ ഉദ്യോഗസ്ഥനെ കൂടാതെ ഗുണഭോക്താക്കളിൽ സേവനങ്ങളെ കുറിച്ച് അറിവ് നൽകുന്നതിനും പ്രൊക്യൂർമെന്റ് നടപടിക്രമങ്ങളിൽ സുതാര്യത പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ചുമതലപ്പെട്ട സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. കമ്പനി നൽകുന്ന വാറന്റിയെ കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകിയിട്ടുണ്ടായിരുന്നു എന്നും ലാപ്ടോപിന് എന്തെങ്കിലും കേടുപാടുകൾ വന്നാൽ ഗ്രാമ പഞ്ചായത്തിൽ അറിയിക്കുവാൻ നിർദ്ദേശം നൽകിയിരുന്നുവെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്.

ടെൻഡർ/ക്വട്ടേഷൻ നോട്ടീസുകളിൽ സ്പെസിഫിക്കേഷനുകൾ കൃത്യമായും വ്യക്തമായും രേഖപ്പെടുത്തുകയും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം വർക്കിംഗ് ഗ്രൂപ്പ്, പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി തുടങ്ങിയ വിവിധ കമ്മിറ്റികൾ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങളിൽ വീഴ്ച വരുത്താതെ കാര്യക്ഷമമായി അവയുടെ ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുണ്ട്.

<u>പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

08.11.2010 ലെ GO(P) 259/2010/LSGD പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അനുമതിയ്ക്ക് വിധേയമായി വാങ്ങലുകൾക്ക് അംഗീകാരം നൽകുന്നതുൾപ്പെടെ സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് പ്രൊക്യൂർമെന്റ് കമ്മിറ്റിക്കുള്ളത്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ കമ്മിറ്റിയിൽ നിർബന്ധമായും ഉൾപ്പെടേണ്ടയാളാണ് എങ്കിലും മേൽപ്പറഞ്ഞതുൾപ്പെടെ ഒരു പ്രൊക്യൂർമെന്റ് കമ്മിറ്റിയിലും സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥരാരും പങ്കെടുത്തിട്ടില്ല. അതുപോലെ, എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാരും പ്രൊക്യൂർമെന്റ് കമ്മിറ്റിയിലെ അംഗങ്ങളാണെങ്കിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഒഴികെയുള്ള ആരും കമ്മിറ്റിയിൽ പങ്കെടുത്തിട്ടില്ല. 2017-18 വർഷത്തെ എല്ലാ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗങ്ങളിൽ പ്രസിഡന്റ്, സെക്രട്ടറി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബാലകൃഷ്ണൻ കീച്ചേരിയിൽ, രാമചന്ദ്രൻ, വെള്ളാപ്പള്ളിയിൽ എന്നീ 5 പേർ മാത്രമാണ് പങ്കെടുത്തതായി കാണുന്നത്. പൊതുപ്പണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നു എന്നും സുതാര്യത നിലനിർത്തി നല്ല പ്രവർത്തനം കാഴ്ചവെയ്ക്കുന്നു എന്നുറപ്പാക്കുന്നതിനും ചുമതലപ്പെട്ട സോഷ്യൽ ഓഡിറ്റ് കമ്മിറ്റി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം പുന:സംഘടിപ്പിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റികളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും സ്റ്റാന്റിംഗ്

കമ്മിറ്റി ചെയർപേഴ്സൺമാരും ഉൾപ്പെടെ പരമാവധി പ്രാതിനിധ്യം ഉറപ്പാക്കേണ്ടതുമാണ്.

3-8 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി- വാല്യുവേഷൻ ഇല്ലാതെ തുക നൽകി-ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 98/18
അടങ്കൽ 1,03,673/-
ചെലവ് 1,00,000/-
സ്രോതസ്സ് വികസനഫണ്ട് (ടി.എസ്.പി.)
നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി (നം.എസ് 98/18) എന്ന പദ്ധതിയുടെ ഗുണഭോക്താക്കളായ ശ്രീ.ബിജു കൃഷ്ണൻ, മുത്തനാനിക്കൽ, തീക്കോയി, ശ്രീ പ്രശാന്ത് ഒ.ജി, ഓരത്തേൽ, അടുക്കം എന്നിവർക്ക് അവസാന ഗഡുവായ ₹50,000/- വീതം (ബിൽ നം. 02/17-18 തീ.17.7.17) ധനസഹായം നൽകിയിട്ടുണ്ട്. LSGD അസിസ്റ്റന്റ് എഞ്ചിനിയറുടെ/ഓവർസിയറുടെ വാല്യുവേഷൻ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത് എന്നതിനാൽ ₹1,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16 തീ.15.3.19) LSGD ഓവർസിയറിൽ നിന്നും വാല്യുവേഷൻ ലഭ്യമാക്കുന്നതാണെന്ന് വി.ഇ.ഒ. മറുപടി നൽകിയിട്ടുണ്ട്. വാല്യുവേഷൻ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-9 പ്രൈമറി ഹെൽത്ത് സെന്റർ (തലനാട്)-മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, തലനാട് നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S00 61/ 2017-18 നം പദ്ധതി പ്രകാരം, പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 50,000/- രൂപ മെയിന്റനൻസ് ഫണ്ട് വകയിരുത്തുകയും, 15.12.2017 ലെ 07/ 17-18 നം ബിൽ പ്രകാരം 50,000/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 3624001800000019 നം അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 32,287/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായുള്ളൂ. 17,713/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നു.

15.12.2017 - ൽ തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ട് നാളിതുവരെയായിട്ടും സമയബന്ധിതമായി മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, (നം.10/13.03.2019) മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 17,713/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

3-10 ടാക്സി ചാർജ്ജ് ഇനത്തിൽ അധികം തുക നൽകി

വൗച്ചർ നം 21700447/ 10.01.2018 പ്രകാരം 13000 രൂപ ശ്രീ എ. എം രവീന്ദ്രൻ, അള്ളുങ്കൽ എന്ന വ്യക്തിക്ക് ടാക്സി ചാർജ്ജ് നൽകിയിട്ടുണ്ട് (ചെക്ക് നം. 2683009/10.01.2018). വൗച്ചറിനൊപ്പം ഫയൽ ചെയ്തിരിക്കുന്ന ശ്രീ എ. എം രവീന്ദ്രന്റെ 18.11.2017ലെ അപേക്ഷ, ട്രിപ്പ് ഷീറ്റ് എന്നിവയിൽ തലനാട് നിന്നും കോട്ടയം പോയി വന്ന വകയിൽ (110km) വാഹനകൂലി 1500 രൂപ അനുവദിച്ച് തരണം എന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ കറുത്ത മഷിയിൽ എഴുതിയിട്ടുള്ള അപേക്ഷയിൽ 110km എന്നത് 410km എന്നും 1500 രൂപ എന്നത് 6500 രൂപ എന്നും നീല മഷിയിൽ തിരുത്തി ചേർത്തിരിക്കുന്നു. ട്രിപ്പ് ഷീറ്റിലും കോട്ടയം എന്നത് തിരുവനന്തപുരം ആയും 1500 എന്നത് 6500 ആയും തിരുത്തിയിരിക്കുന്നു. 17.10.2017 ൽ തലനാട് നിന്നും തിരുവനന്തപുരം പോയി വന്നതിനുള്ള ടാക്സി ചാർജ്ജിനുള്ള 20.10.2017 ലെ അപേക്ഷയും ട്രിപ്പ് ഷീറ്റും വൗച്ചറിനൊപ്പം ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ യാത്ര ചെയ്ത വ്യക്തി, യാത്രയുടെ ഉദ്ദേശ്യം എന്നീ വിവരങ്ങൾ ലഭ്യമല്ല. രണ്ട് യാത്രയ്ക്കുംകൂടി ആകെ നൽകാവുന്ന തുക 8000 രൂപയാണ് (1500+ 6500). എന്നാൽ അപേക്ഷ, ട്രിപ്പ് ഷീറ്റ് എന്നിവ തിരുത്തി 13000 രൂപ നൽകിയത് തെറ്റായ നടപടിയാണ്.

അപാകത സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.11 തീയതി 13.3.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ടാക്സി ചാർജ്ജ് ഇനത്തിൽ അധികം നൽകിയ 5000 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-11 ആശ്രയ പദ്ധതി അവലോകനം

ഒന്നാം ഘട്ടം

തലനാട് ഗ്രാമപഞ്ചായത്തിന്റെ ഒന്നാംഘട്ട ആശ്രയപദ്ധതിയിൽ 39 അഗതി കുടുംബങ്ങൾക്ക് വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിരുന്നത്. ഇതിൽ 37 കുടുംബങ്ങൾക്ക് സേവനങ്ങൾ നൽകി വരുന്നു. 2017-18 വർഷം 37 അഗതി കുടുംബങ്ങൾക്ക് ഭക്ഷണം മാത്രം നൽകിയിട്ടുണ്ട്. വരവുചെലവ് സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	956548
വരവ്	35723 (പലിശ)
ആകെ	992271
ചെലവ്	134400
നീക്കിയിരിപ്പ്	857871

ഒന്നാംഘട്ട പദ്ധതിയുടെ ധനവിനിമയങ്ങൾ തലനാട് സർവ്വീസ് സഹകരണബാങ്കിലെ 3470 നമ്പർ അക്കൗണ്ടിലൂടെ നടത്തി വരുന്നു. 05.09.18ൽ ടി അക്കൗണ്ടിൽ 8,27,671.50 രൂപ നീക്കിയിരിപ്പുണ്ട്. (പ്ലാൻ ഫണ്ട് 2.5 ലക്ഷം + ചലഞ്ച് ഫണ്ട് 5,77,671.50)

രണ്ടാം ഘട്ടം

രണ്ടാംഘട്ടപദ്ധതിയിൽ 2017-18 വർഷം 34 അഗതി കുടുംബങ്ങൾക്ക് ഭക്ഷണം നൽകിയിട്ടുണ്ട്. 2017-18ലെ വരവുചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	632043
വരവ്	23817 (പലിശ)
ആകെ	655860
ചെലവ്	122990
നീക്കിയിരിപ്പ്	532870

യൂണിയൻ ബാങ്ക് ഈരാറ്റുപേട്ട ബ്രാഞ്ചിലെ അക്കൗണ്ട് നം.720102010000136 വഴിയാണ് ധനവിനിമയങ്ങൾ നടത്തുന്നത്. 05.10.2018ൽ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് 5,26,559/- രൂപയാണ് (ചലഞ്ച് ഫണ്ട് മാത്രം).

മൂന്നാംഘട്ടം (അഗതിരഹിത കേരളം)

പൊതുവിഭാഗത്തിൽ 144 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 3,05,08,200/- രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. എസ്.റ്റി.വിഭാഗത്തിൽ 37 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 93,64,000/- രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ടി രണ്ടു പ്രോജക്ടുകളും പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് ജില്ലാ മിഷന്റെ അംഗീകാരത്തിന് നൽകിയിട്ടുണ്ട്.

3-12 തൊഴിലുറപ്പ് പദ്ധതി

2017-18 വർഷം ഗ്രാമപഞ്ചായത്തില 13 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം 94 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 88 എണ്ണത്തിന് സാങ്കേതികാനുമതി ലഭിച്ചു. ഇതിൽ 75 പ്രോജക്ടുകൾ പൂർത്തിയാക്കി. ആകെ 19836 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. തൊഴിൽകൂലി ഇനത്തിൽ തൻവർഷം ആകെ 60,00,714/- രൂപ വിനിയോഗിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രധാന പ്രോജക്ടുകൾ കയ്യാല നിർമ്മാണം, മഴക്കുഴി നിർമ്മാണം, നഴ്സറി നിർമ്മാണം, പടുതാക്കുളം, കിണർ നിർമ്മാണം, മൺറോഡ് നിർമ്മാണം, എന്നിവയാണ്. വരവുചെലവ് സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	1091
വരവ്	8853936
ആകെ	8855027
ചെലവ്	8854623
നീക്കിയിരിപ്പ്	404

3-13 കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ, ടേബിൾ, ചെയർ വാങ്ങൽ -അധിക തുക നൽകി

പ്രോജക്റ്റ് നം. 136/18
അടങ്കൽ ₹43,000/-(വികസന ഫണ്ട് -ജനറൽ)
ചെലവ് ₹43,000/- ബിൽ നം.10/17-18 തീ.24.3.18
നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഓഫീസർ

കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ, ചെയർ എന്നിവ വാങ്ങുന്നതിനായി 5 ക്വട്ടേഷനുകൾ ലഭിച്ചിരുന്നു. താഴെ ചേർത്തിട്ടുള്ള ടാബുലേഷന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സെന്റ് മേരീസ് ഇൻഫോസിസ്, മണർകാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ കമ്മിറ്റി അംഗീകരിക്കുകയും അതനുസരിച്ച് വാങ്ങലുകൾ നടത്തുകയും ചെയ്തു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ക്വോട്ട് ചെയ്ത തുക	റിമാർക്സ്
1	സോഗോ സൊല്യൂഷൻസ്,ഈരാറ്റുപേട്ട,	53800	അംഗീകരിച്ചില്ല
2	ഗ്ലിറ്റ്സ് ടെക്നോളജീസ്, ഈരാറ്റുപേട്ട	54850	അംഗീകരിച്ചില്ല
3	സെന്റ് മേരീസ് ഇൻഫോസിസ്, മണർകാട്	43000	അംഗീകരിച്ചു
4	വിഷൻ കമ്പ്യൂട്ടേഴ്സ്, ഈരാറ്റുപേട്ട	54700	അംഗീകരിച്ചില്ല
5	ലാപ്പ് സൊല്യൂഷൻസ്,ഈരാറ്റുപേട്ട	54700	അംഗീകരിച്ചില്ല

എന്നാൽ, സെന്റ് മേരീസ് ഇൻഫോസിസ് മണർകാട് ഒഴികെയുള്ള സ്ഥാപനങ്ങൾ ഇൻവെർട്ടർ UPS & ബാറ്ററി ഉൾപ്പെടുത്തിയുള്ള തുകയാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. സോഗോ സൊല്യൂഷൻസ്, ഈരാറ്റുപേട്ട, ഗ്ലിറ്റ്സ് ടെക്നോളജീസ്, ഈരാറ്റുപേട്ട എന്നീ സ്ഥാപനങ്ങൾ ഇൻവെർട്ടർ UPS & ബാറ്ററിക്ക് യഥാക്രമം ₹ 22,000/-,₹ 22,500/- ക്വോട്ട് ചെയ്തിട്ടുള്ളതും വിഷൻ കമ്പ്യൂട്ടേഴ്സ്, ലാപ്പ് സൊല്യൂഷൻസ് എന്നീ സ്ഥാപനങ്ങൾ ഇൻവെർട്ടർ UPS & ബാറ്ററി ഉൾപ്പെടെ ₹54,700/-വീതവുമാണ് ക്വോട്ട് ചെയ്തിട്ടുള്ളത്. സോഗോ സൊല്യൂഷൻസ്, ഈരാറ്റുപേട്ട, ഗ്ലിറ്റ്സ് ടെക്നോളജീസ്, ഈരാറ്റുപേട്ട എന്നീ സ്ഥാപനങ്ങളുടെ ക്വട്ടേഷനുകൾ പ്രകാരം കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ, ചെയർ എന്നിവയുടെ മാത്രം വില താഴെപ്പറയും പ്രകാരമാണ്.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ഇൻവെർട്ടർ UPS ഉൾപ്പെടെയുള്ള വില	ഇൻവെർട്ടർ UPS ന്റെ വില	കംപ്യൂട്ടർ,കംപ്യൂട്ടർ ടേബിൾ, ചെയർ എന്നിവയുടെ വില
1	സോഗോ സൊല്യൂഷൻസ്, ഈരാറ്റുപേട്ട,	53,800	22,000	31,800
2	ഗ്ലിറ്റ്സ് ടെക്നോളജീസ്,	54,850	22,500	32,350

	ഈരാറ്റുപേട്ട			

അതായത്, സോഗോ സൊല്യൂഷൻസ്, ഈരാറ്റുപേട്ട എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയിരുന്നുവെങ്കിൽ 31,800/-രൂപയ്ക്ക് ലഭിക്കുമായിരുന്ന സാധനങ്ങൾ സെന്റ് മേരീസ് ഇൻഫോസിസ് മണർകാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിലൂടെ ഏകദേശം 11,200/- (43000-31800) രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

മുൻകൂട്ടി അറിയിക്കാതെ ഓഡിറ്റിനാവശ്യപ്പെട്ടപ്പോൾ കൃഷിഭവനിലെ സ്റ്റാഫ് പഴയ ക്വട്ടേഷനുകൾ മാറി നൽകിയതാണെന്നും ശരിയായ ക്വട്ടേഷനുകൾ ഓഡിറ്റിന് ഹാജരാക്കുന്നുവെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1തീയതി 07.3.19) നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകുകയും താഴെപ്പറയും പ്രകാരം ടാബുലേഷൻ സ്റ്റേറ്റ്മെന്റ് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ക്വോട്ട് ചെയ്ത തുക	റിമാർക്സ്
1	സോഗോ സൊല്യൂഷൻസ്,ഈരാറ്റുപേട്ട,	46600	അംഗീകരിച്ചില്ല
2	ഗ്ലിറ്റ്സ് ടെക്നോളജീസ്, ഈരാറ്റുപേട്ട	48000	അംഗീകരിച്ചില്ല
3	സെന്റ് മേരീസ് ഇൻഫോസിസ്, മണർകാട്	43000	അംഗീകരിച്ചു
4	വിഷൻ കമ്പ്യൂട്ടേഴ്സ്, ഈരാറ്റുപേട്ട	51700	അംഗീകരിച്ചില്ല
5	ലാപ്പ് സൊല്യൂഷൻസ്,ഈരാറ്റുപേട്ട	49200	അംഗീകരിച്ചില്ല

ഇപ്രകാരം ഫയലുകളുടെ പരിശോധനയിൽ അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകുമ്പോൾ യഥേഷ്ടം ക്വട്ടേഷനുകൾ/ടെൻഡറുകൾ മാറ്റി നൽകുന്നത് അംഗീകരിക്കാവുന്നതല്ല. മാത്രമല്ല, 20.03.2018 ന് (23.03.2018 എന്നത് തിരുത്തിയിട്ടുള്ളത്) സെന്റ് മേരീസ് ഇൻഫോസിസ്, മണർകാട് സമർപ്പിച്ച ക്വട്ടേഷൻ 15.03.2018 ന് ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതിലെ വൈരുദ്ധ്യം സാധനങ്ങൾ വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ഒരു പ്രത്യേക സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങണം എന്ന് മുൻകൂട്ടി തീരുമാനിച്ച് അതനുസരിച്ച് ക്വട്ടേഷനുകൾ വാങ്ങി നടപടികൾ സ്വീകരിച്ചു എന്നാണ് വ്യക്തമാകുന്നത്. ഈ സാഹചര്യത്തിൽ സെന്റ് മേരീസ് ഇൻഫോസിസ്, മണർകാട് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതിലൂടെ അധികമായുണ്ടായ ₹11,200/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നഷ്ടോത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച തീയതി	ലഭിച്ച തുക(രൂപ)	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്		50000	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	50000	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ഇനത്തിൽ വരവോ തിരിച്ചടവോ ഇല്ല.

4-5 സ്ഥിര നിക്ഷേപം

ഗ്രാമ പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 43209/- രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഒടുക്കിയ തുക	ഒടുക്കിയ ആളുടെ പേര്	രസീത് നം/ തീയതി
2014-15	3-4	43209	സന്ധ്യ ആർ നായർ, അസിസ്റ്റന്റ് എൻജിനീയർ	117010100668/ 18.11.2017

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)	4,26,46,919.5
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	4,27,18,803
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	16,200/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1,61,15,767

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-10	5,000/-	ശ്രീ.രാരാ രാജ്, സെക്രട്ടറി
3-13	11,200/-	ശ്രീമതി ബിജിമോൾ കെ.ബേബി, കൃഷി ഓഫീസർ
ആകെ	16,200/-	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	1,59,98,054	ശ്രീ.രാരാ രാജ്, സെക്രട്ടറി
3-8	1,00,000	ശ്രീ.സിജോഷ് ജോർജ്, വി.ഇ.ഒ.

3-9	17,713	ഡോ.ഗീതു മരിയ ജോസഫ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. തലനാട്
ആകെ	1,61,15,767	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.രാരാ രാജ്, സെക്രട്ടറി	സെക്രട്ടറി, തലനാട് ഗ്രാമപഞ്ചായത്ത്	ശ്രീമംഗലം, ഇടവ പി.ഒ. വർക്കല, തിരുവനന്തപുരം
ശ്രീമതി ബിജിമോൾ കെ.ബേബി, കൃഷി ഓഫീസർ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ,ബാലുശ്ശേരി, കോഴിക്കോട്	ഇടിയാലിൽ, പാലനിക്കുംമുറിയിൽ കുടല്ലൂർ പി.ഒ., വയല വഴി കോട്ടയം

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1997-98	എൽ.എഫ്.കെ.പി2/228/16/30.3.2016	10
1998-99(ചെലവ്)	കെ.എസ്.എ-കെ.ടി.എം.പി.2-229/16/30.3.16	-
1998-99(വരവ്)	എൽ.എഫ്.കെ.പി3/1533/07/14.7.08	8
1999-00(ചെലവ്)	എൽ.എഫ്.കെ.പി2- 314/16/31.3.2016	-
2000-01, 2001-02 (പ്ലാൻ)	എൽ.എഫ്.കെ.പി2-278/അദാ.14(5)/26.11.2014	-
2000-01(വരവ്)	എൽ.എഫ്.കെ.പി2-278/അദാ.14(4)/26.11.2014	2
2002-03(ചെലവ്)	എൽ.എഫ്.കെ.പി2- 232/16/1.4.2016	2
2002-03(വരവ്)	എൽ.എഫ്.കെ.പി2- 1300/11/26.3.12	4
2003-04	എൽ.എഫ്.കെ.പി2- 439/15(2)/2.9.15	10
2004-05	എൽ.എഫ്.കെ.പി2- 439/15(3)/2.9.15	9

2005-06	എൽ.എഫ്.കെ.പി2- 439/15(4)/2.9.15	6
2006-07	എൽ.എഫ്.കെ.പി2- 439/15(5)/2.9.15	8
2007-08	എൽ.എഫ്.കെ.പി2- 439/15(6)/2.9.15	8
2008-09	എൽ.എഫ്.കെ.പി2-1306/11/27.3.2012	-
09-10, 10-11,11-12	എൽ.എഫ്.കെ.പി2-439/15(7)/ 2.9.2015	10
2012-13, 2013-14	എൽ.എഫ്.കെ.പി2- 1262/15/7.10.15	6
2014-15	കെ.എസ്.എ-കെ.ടി.എം.പി.2-1125/16/3.8.2016	16
2015-16	കെ.എസ്.എ-കെ.ടി.എം.പി.2/1839/16/8.12.16	
2016-17	കെ.എസ്.എ-കെ.ടി.എം.പി.	

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം 1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-കെ.ടി.എം.പി.14/304/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 26.04.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം